S 20(1)
25/11/2021

01/01/2022


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


ഹർജി നമ്പർ **AP.No.855(5)/18/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 3549/SIC-G7/2018**

സന്നിഹിത

**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി: 25.11.2021**

**ശ്രീ. നിശാന്ത്. ആർ.**
**കോവിൽവിള വീട്,**
**പരുത്തിപ്പള്ളി പി.ഒ,**
**കുറ്റിച്ചൽ, തിരുവനന്തപുരം – 695 574.** } **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം,**
**വാട്ടർ സപ്ലൈ സബ് ഡിവിഷൻ,**
**കേരള വാട്ടർ അതോറിറ്റി, അരുവിക്കര.** } **എതിർകക്ഷി**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 03.10.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 02.11.2017 |
| ഒന്നാം അപ്പീൽ<br>അപ്പീൽ അധികാരിയുടെ തീരുമാനം | ----<br>-- |
| രണ്ടാം അപ്പീൽ | 06.04.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 28.07.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, അരുവിക്കര വാട്ടർ സപ്ലൈ സബ് ഡിവിഷൻ ഓപ്പറേറ്റിംഗ് ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന അധിക ഡ്യൂട്ടി വേതനത്തെ സംബന്ധിച്ച വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക്

ങ്ങൾക്ക് മറുപടി ലഭ്യമായിട്ടില്ല എന്നും ടി ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് അപ്പീൽഅധികാരി, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ 13.11.2017 തീയതി അപ്പീൽ സമർപ്പിച്ചു. തുടർന്ന് പ്രസ്തുത അപ്പീൽ അപേക്ഷ 17.11.2017 തീയതി അരുവിക്കര സബ്ഡിവിഷന്റെ അപ്പീൽഅധികാരി സൂപ്രണ്ടിംഗ് എൻജിനീയർ, പി.എച്ച് സർക്കിൾ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം ആകയാൽ ടി അപ്പീൽ പ്രസ്തുത ഓഫീസിലേയ്ക്ക് അയയ്ക്കുകയുണ്ടായി. ഇത്തരത്തിൽ ലഭ്യമായ അപ്പീലിൻമേൽ 31.01.2018 തീയതി രേഖപ്പെടുത്തി നൽകിയ മറുപടിയിൽ, ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുള്ളതായും ചോദ്യങ്ങൾക്ക് ഉത്തരം നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നും കൂടുതൽ വിവരങ്ങൾ ടി ഓഫീസിൽ നിന്ന് ലഭ്യമാക്കാനില്ല എന്നും അറിയിച്ചു. ഇത്തരത്തിൽ അപ്പീൽ അപേക്ഷയ്ക്ക് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകുകയും പ്രസ്തുത മറുപടിയുടെ പകർപ്പ് അപ്പീൽഅധികാരി & എക്സിക്യൂട്ടീവ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം, ഹെഡ് വർക്ക്സ് ഡിവിഷൻ, അരുവിക്കരയ്ക്ക് അയച്ചു നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

2. ടെലഫോൺ മുഖാന്തിരം നടന്ന ഹിയറിംഗിൽ പങ്കെടുത്ത അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, അപൂർണ്ണമായ വിവരമാണ് നൽകിയിരുന്നത് എന്നും എന്നാൽ ഇപ്പോൾ വിവരം കിട്ടിയതുകൊണ്ട് ഉപയോഗം ഇല്ല എന്നും ലഭ്യമാക്കാവുന്ന വിവരങ്ങൾ മന:പൂർവ്വം നൽകാതിരുന്നതാണെന്നും വിവരാവകാശ അപേക്ഷകൾ നൽകുമ്പോൾ ടി ആഫീസിൽ നിന്നും വിവരം നൽകാത്ത സാഹചര്യമാണെന്നും സമയബന്ധിതമായി വിവരം ലഭ്യമാകാത്തതിനെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്. എന്നാൽ ലഭ്യാക്കാവുന്ന വിവരങ്ങൾ അപ്പീൽഹർജിക്കാരന് സമയബന്ധിതമായി നൽകി എന്നാണ് എസ്.പി.ഐ.ഒ അറിയിച്ചിട്ടുള്ളത്.

3. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും എസ്.പിഐ.ഒയുടെ മൊഴിയും പരിശോധിക്കുമ്പോൾ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ കൈകാര്യം ചെയ്തതിൽ എസ്.പി.ഐ.ഒയുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ 02.11.2017 തീയതി രേഖപ്പെടുത്തിയ മറുപടി 09.11.2017 തീയതി അപ്പീൽഹർജിക്കാരന് ലഭിച്ചതായി അപ്പീൽഹർജിക്കാരന്റെ മൊഴിയിൽ നിന്ന് വ്യക്തമായി. എന്നാൽ പ്രസ്തുത മറുപടിയിൽ അപ്പീൽ അധികാരിയുടെ പേര്,മേൽവിലാസം, അപ്പീൽ നൽകേണ്ട കാലപരിധി എന്നിവ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത് വിവരാവകാശ നിയമപ്രകാരമുള്ള വീഴ്ചയായി കമ്മീഷൻ വിലയിരുത്തുന്നു. തുടർന്ന് അപ്പീൽ അധികാരി ആരെന്ന് അറിയാത്ത സാഹചര്യത്തിലാണ് അപ്പീൽഅധികാരി, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിച്ചത്. എന്നാൽ പ്രസ്തുത അപ്പീലിനും എസ്.പി.ഐ.ഒയാണ് മറുപടി നൽകിയതായി കാണുന്നത്. നിയമാനുസൃതമായിട്ടുള്ള നടപടിയല്ല എസ്.പി.ഐ.ഒയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. മേൽപരാമർശിച്ച വസ്തുതകൾ വിവരാവകാശനിയമത്തിന്റെ ലംഘനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം

[illegible] ബോധ്യമുള്ള [illegible]ത്തിലെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

4. അപ്പീൽഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സമയബന്ധിതമായി ലഭ്യമാക്കാത്തതിനാൽ ഇനി വിവരം ആവശ്യമില്ല എന്നാണ് അറിയിച്ചത്. മാത്രവുമല്ല വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് മറുപടി നൽകുന്നില്ല എന്ന ആക്ഷേപവും നിലനിൽക്കുന്നതായി അപ്പീൽഹർജിക്കാരന്റെ മൊഴിയിൽ നിന്ന് വ്യക്തമാണ്. ആകയാൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതും നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ഓഫീസിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മറുപടി നൽകേണ്ടതും നൽകുന്ന മറുപടിയിൽ അപ്പീൽഅധികാരിയുടെ പേരും മേൽ വിലാസവും അപ്പീൽ കാലാവധിയും വ്യക്തമായി രേഖപ്പെടുത്തുവാൻ എസ്.പിഐ.ഒ ശ്രദ്ധിക്കേണ്ടതുമാണ്.

5. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2021 നവംബർ മാസം 25 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി